# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ബി.പി/ 357 /2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 18/03/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ , സംസ്ഥാന ഓഡിറ്റ് വകുപ്പ്
2) അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ, തിരുവനന്തപുരം

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ബി.പി/ 357 /2022 തീയ്യതി: 18/03/2022

## തിരുവനന്തപുരം ജില്ലയിലെ പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ഷീല ഉബാൾഡ് | ജോയിന്റ് ഡയറക്ടർ | 01-04-2019 | 31-03-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-12-2021 | 10-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.സുജാതകുമാരി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.കെ.സുരേഷ് കുമാർ | സെക്രട്ടറി | 01-04-2019 | 31-03-2020 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.കെ.സുരേഷ് കുമാർ | സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി.രമ്യ.ജെ.എം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ.അജയ് ഹാർഡിൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി. സ്മിത | സി.ഡി.പി.ഒ (അഡീഷണൽ) | 01-04-2019 | 31-03-2020 |
| ശ്രീമതി .ഗ്രേസി | സി.ഡി.പി.ഒ പെരുങ്കടവിള | 01-04-2019 | 31-03-2020 |
| ശ്രീമതി.ജയകുമാരി | എസ്.സി.ഡി.ഒ | 01-04-2019 | 02-06-2019 |

| | | | |
|---|---|---|---|
| ശ്രീ.സത്യൻ | എസ്.സി.ഡി.ഒ | 03-06-2019 | 31-03-2020 |
| ശ്രീ വിനയചന്ദ്രൻ | എ.ഡി.എ | 01-04-2019 | 30-11-2019 |
| ശ്രീമതി.ഷീന.എസ്.എൽ | എ.ഡി.എ | 01-12-2019 | 13-01-2020 |
| ശ്രീ.സുരേഷ് നെൽസൻ.എ | എ.ഡി.എ | 14-01-2020 | 31-03-2020 |
| ശ്രീമതി.ഗൗരി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 16-03-2020 |
| ശ്രീ.ജി.എസ്.പ്രശാന്ത് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 17-03-2020 | 31-03-2020 |
| ഡോ.ശിവകുമാർ | മെഡിക്കൽഓഫീസർ(സി.എച്ച.സി.പെരുങ്കടവിള)) | 01-04-2019 | 31-03-2020 |
| ഡോ.സുനിൽ | മെഡിക്കൽഓഫീസർ(വെള്ളറട) | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Justin Raj T.S (Senior Grade Auditor, On 02-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: AnilKumar R (Senior Grade Auditor, On 28-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-03-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: AnilKumar R (Senior Grade Auditor, On 28-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-03-2022) | 1-2-1 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: AnilKumar R (Senior Grade Auditor, On 28-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-03-2022) | 1-3 |
| 5 | പദ്ധതി അവലോകനം<br>Written By: Sindhulabeevi.V.M (Audit Officer (HG), On 28-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-03-2022) | 1-4 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Justin Raj T.S (Senior Grade Auditor, On 02-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-03-2022) | 1-5 |
| 7 | ആഭ്യന്തരനിയന്ത്രണം<br>Written By: Sindhulabeevi.V.M (Audit Officer (HG), On 09-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-03-2022) | 1-6 |
| 8 | പദ്ധതി നിർവ്വഹണത്തിലെ അപാകത; 116744/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Justin Raj T.S (Senior Grade Auditor, On 16-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 15-03-2022) | 1-7 |
| 9 | അക്രഡിറ്റഡ് ഏജൻസികളുമായി കരാറിലേർപ്പെടാതെ പദ്ധതി തുക മുൻകൂറായി നൽകി.<br>Written By: Justin Raj T.S (Senior Grade Auditor, On 16-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 15-03-2022) | 1-8 |
| 10 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.<br>Written By: Justin Raj T.S (Senior Grade Auditor, On 16-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-03-2022) | 1-9 |
| 11 | വാഹന പരിപാലനത്തിലെ അപാകതകൾ.<br>Written By: Justin Raj T.S (Senior Grade Auditor, On 16-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-03-2022) | 1-10 |
| 12 | ലോഗ്ബുക്ക് പരിപാലനത്തിലെ അപാകതകൾ.<br>Written By: Justin Raj T.S (Senior Grade Auditor, On 16-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-03-2022) | 1-11 |
| 13 | ഭരണസമിതിയുടെ അനുവാദം ഇല്ലാതെ തുക ചെലവഴിച്ചു. 14916/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Renjith C (Auditor, On 31-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 15-03-2022) | 1-12 |
| 14 | പദ്ധതി പ്രകാരം വാങ്ങിയ സാധനങ്ങൾ ഇൻസ്റ്റാൾ ചെയ്തതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല.<br>Written By: Renjith C (Auditor, On 31-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-03-2022) | 1-13 |
| 15 | കരാർ പത്രത്തിലെ രേഖപെടുത്തലുകൾ അപൂർണം.<br>Written By: Renjith C (Auditor, On 31-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-03-2022) | 1-14 |
| 16 | ചെലവ് രേഖകൾ ഹാജരാക്കിയില്ല. 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Renjith C (Auditor, On 31-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-03-2022) | 1-15 |
| 17 | പദ്ധതി പ്രകാരം വാങ്ങിയ റെഫ്രിജറേറ്റർ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.<br>Written By: Renjith C (Auditor, On 31-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 15-03-2022) | 1-16 |
| 18 | മോഡുലാർ ഫാർമസി റാക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.<br>Written By: Renjith C (Auditor, On 31-12-2021) | 1-17-1 |

| | | |
|---|---|---|
| | Last Updated By: Prathap Rajan R.G (Computer Assistant, On 08-03-2022) | |
| 19 | സിസിടിവി ക്യാമറകൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Renjith C (Auditor, On 31-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-03-2022) | 1-17-2 |
| 20 | സാങ്കേതിക വിദഗ്ദന്റെ ഉപദേശം ഇല്ലാതെ കേടായ എ.സി-ക്ക് പകരമായി പുതിയ എ.സി വാങ്ങിയിരിക്കുന്നു.<br>Written By: Renjith C (Auditor, On 31-12-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 18-03-2022) | 1-17-3 |
| 21 | ചെലവ് രേഖകൾ ഹാജരാക്കിയില്ല. 71005/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Renjith C (Auditor, On 31-12-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 18-03-2022) | 1-18 |
| 22 | ചെലവ് രേഖകൾ ഹാജരാക്കിയില്ല. 57969/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Renjith C (Auditor, On 31-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-03-2022) | 1-19 |
| 23 | വർക്കേഴ്സ് വെൽഫയർ ഫണ്ടിനുവേണ്ടി ബോർഡ് ഈടാക്കുന്ന തുകയിൽ നിന്നും കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല.<br>Written By: Sindhulabeevi.V.M (Audit Officer (HG), On 09-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-03-2022) | 1-20 |
| 24 | കുളം പുനരുദ്ധാരണം- ചെളിമണ്ണ് ലേലം ചെയ്തു നല്കിയിട്ടില്ല.<br>Written By: Sindhulabeevi.V.M (Audit Officer (HG), On 09-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-03-2022) | 1-21 |
| 25 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല ചെലവ് തുകയായ 74,00,000/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: AnilKumar R (Senior Grade Auditor, On 28-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 15-03-2022) | 1-22 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: AnilKumar R (Senior Grade Auditor, On 02-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-03-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: AnilKumar R (Senior Grade Auditor, On 28-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: AnilKumar R (Senior Grade Auditor, On 28-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-03-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: AnilKumar R (Senior Grade Auditor, On 28-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-03-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: AnilKumar R (Senior Grade Auditor, On 28-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-03-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: AnilKumar R (Senior Grade Auditor, On 28-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-03-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: AnilKumar R (Senior Grade Auditor, On 28-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-03-2022) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: AnilKumar R (Senior Grade Auditor, On 28-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-03-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: AnilKumar R (Senior Grade Auditor, On 28-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 15-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sindhulabeevi.V.M (Audit Officer (HG), On 02-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-03-2022) | 4-10 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 27.02.2019 തീയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 1064263195/- രൂപയും പ്രതീക്ഷിത ചെലവ് 1063840935/- രൂപയും നീക്കിയിരിപ്പ് 422260/- രൂപയുമായിരുന്നു.

ബജറ്റ് പരിശോധിച്ചതിൽ കണ്ടെത്തിയ ചില അപാകതകൾ ചുവടെ ചേർക്കുന്നു

(എ) ബജറ്റിൽ വകയിരുത്താതെ തുക ചെലവഴിച്ചു.

1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം, വകുപ്പ് 214(5) പ്രകാരം ബജറ്റിൽ ഉൾപ്പെടാത്ത തുക ചെലവഴിക്കുന്നുണ്ടെങ്കിൽ അനുബന്ധ ബജറ്റ്/പരിഷ്കരിച്ച ബജറ്റ് അവതരിപ്പിക്കേണ്ടതും തൊട്ടടുത്ത ബ്ലോക്ക്പഞ്ചായത്ത് യോഗത്തിൽ അംഗീകരിക്കേണ്ടതുമാണ്. എന്നാൽ ബജറ്റിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന ഇനങ്ങൾക്ക് മേൽ നടപടിക്രമങ്ങൾ പാലിക്കാതെ ചെലവ് നടത്തിയിട്ടുണ്ട്.

| ക്രമ നം | ഇനം | ബഡ്ജറ്റ് ഹെഡ്കോഡ് | ബജറ്റ് പ്രകാരമുള്ള തുക | ഹെഡ്കോഡ് | എ.എഫ്.എസ്. പ്രകാരമുള്ള ചെലവ് തുക |
|---|---|---|---|---|---|
| 1 | പരസ്യവും പ്രചരണവും | 2206001 | 22800 | 220600101<br>220600199 | 96296 |
| 2 | വാഹന രജിസ്ട്രേഷൻ, ഇൻഷ്വറൻസ് | 2204001 | 0 | 220400101<br>220400102 | 142884 |
| 3 | വാഹനവാടക | 2304001 | 0 | 230400101 | 55474 |
| 4 | സംരക്ഷണവും – അറ്റകുറ്റപണികളും – മറ്റ് ആസ്തികൾ | 2305099 | 0 | 230509901 | 5950 |
| 5 | കൃഷിയും – അനുബന്ധമേഖലകളും – പച്ചക്കറി | 2501011 | 0 | 250101101 | 7500 |
| 6. | മൃഗസംരക്ഷണം – കന്നുകുട്ടി പരിപാലനം (എസ്.സി.പി) | 2501034 | 0 | 250103402 | 186208 |
| 7 | മൃഗസംരക്ഷണം-രോഗനിയന്ത്രണം(ജനറൽ) | 2501040 | 0 | 250104001 | 196975 |
| 8 | ക്ഷീരവികസനം-അടിസ്ഥാന സൗകര്യവികസനം (എസ്.സി.പി) | 2501048 | 0 | 250104802 | 468000 |
| 9 | പരിസ്ഥിതി സംരക്ഷണം | 250400 | 0 | 250400201 | 487154 |
| 10 | സൗരോർജ്ജോത്പ്പാദനം | 250500 | 0 | 250500301 | 380000 |
| 11. | വായനമുറിയും ഗ്രന്ഥശാലയും(ജനറൽ) | 2511009 | 0 | 251100901 | 695440 |
| 12 | സാമൂഹ്യാരോഗ്യ ഉപകേന്ദ്രങ്ങൾ (ജനറൽ) | 2512011 | 0 | 251201101 | 965400 |

(ബി) 2019-20 സാമ്പത്തിക വർഷത്തെ ബജറ്റിൽ/ പരിഷ്കരിച്ച ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങളിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

ഉദാഹരണങ്ങൾ ചുവടെ.

| ക്രമനം | ഇനം | കോഡ് | ബജറ്റിൽ | ധനകാര്യപത്രിക |
|---|---|---|---|---|

| | | | വകയിരുത്തിയ തുക | പ്രകാരം ചെലവ് |
|---|---|---|---|---|
| 1 | മറ്റ് നടത്തിപ്പ്/മെയിന്റനൻസ് ചെലവുകൾ | 2308001 | 11900 | 0 |
| 2 | ക്ഷീരവികസനം-തീറ്റപ്പുൽകൃഷി | 2501045 | 15508000 | 0 |
| 3 | ക്ഷീരവികസനം-യന്ത്രങ്ങളും ഉപകരണങ്ങളും | 2501047 | 3000000 | 0 |
| 4. | സ്പോർട്സ് | 2511007 | 120000 | 0 |
| 5. | അനൗപചാരിക വിദ്യാഭ്യാസവും, തുടർവിദ്യാഭ്യാസവും | 2511011 | 50000 | 0 |
| 6. | മറ്റ് ആരോഗ്യപരിപാടികൾ | 2512007 | 2373069 | 0 |
| 7. | പൊതുശുചിത്വം-മാലിന്യപരിപാലനം | 2512026 | 5125000 | 0 |
| 8 | വൃദ്ധക്ഷേമ പരിപാടികൾ | 2513005 | 2800000 | 0 |
| 9. | വനിതാക്ഷേമപരിപാടി | 2513009 | 2389000 | 0 |
| 10 | വനിതാശിശുക്ഷേമ പരിപാടികൾ | 2514001 | 1300000 | 0 |

പ്രസ്തുത അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-18/21-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ അപാകതകൾ ബജറ്റ് തയ്യാറാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | വാർഷിക ധനകാര്യ പത്രിക ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 25.09.2020 | | |

## 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

1. നോട്ട്സ് ഓൺ അക്കൗണ്ട്സ് ഉൾപ്പെടുത്തിയിട്ടില്ല.

2. വാർഷിക അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

3. ജേണൽ വൗച്ചറുകൾ, കോൺട്രാ വൗച്ചറുകൾ എന്നിവ തയ്യാറാക്കി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്.

4. കാഷ്ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Cash Generated (2374799) എന്നത് Net Increase/decrease In Cash And Cash Equivalents(2318159) -മായി പൊരുത്തപ്പെടുന്നില്ല.

5. ബി14 – Stock In Hand (Inventories) സ്റ്റോക്ക് മൂല്യം നിർണയിച്ചിട്ടില്ല.

6. Rent From Buildings-എന്നയിനത്തിൽ 18275/- രൂപ തൻവർഷം വരവുണ്ട്. ആയതിന്റെ രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

7. 2018-19-ലെ വാർഷിക ധനകാര്യപത്രിക പ്രകാരം വായ്പയിനത്തിൽ അടവാക്കാനവശേഷിച്ച തുക 665029/-രൂപയാണ്. എന്നാൽ തൻവർഷം 2732060/- അടവാക്കിയിട്ടുണ്ട്. വായ്പയിനത്തിൽ ആകെ ലഭിച്ച തുക, വർഷാദ്യം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക, തൻവർഷം ലഭിച്ച തുക, തിരിച്ചടച്ച തുക, നീക്കിയിരിപ്പായി അവശേഷിക്കുന്ന തുക എന്നിവ ലഭ്യമാക്കേണ്ടതാണ്.

8. 2019-20 സാമ്പത്തിക വർഷത്തിൽ നടത്തിയ ഇ-ടെണ്ടറിൽ നിന്നുള്ള ഫോറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെട്ടത്. പ്രസ്തുത തുക ബ്ലോക്ക്പഞ്ചായത്തിനു ലഭിക്കുവാനുള്ള തുകയായി വാർഷിക കണക്കുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

9. Advance To Others, എന്നയിനത്തിൽ ധനകാര്യപത്രികയിലെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

| ഇനം | വർഷാദ്യം തിരികെ ലഭിക്കാനുണ്ടായിരുന്ന തുക | തൻവർഷം നൽകിയ തുക | തൻവർഷം തിരികെ ലഭിച്ച തുക | വർഷാവസാനം തിരികെ ലഭിക്കാനുള്ള തുക (ധനകാര്യപത്രിക പ്രകാരം) |
|---|---|---|---|---|

| Advance To Others, | 0 | 29680 | 1426793 | 160627 |
|---|---|---|---|---|

10. എം.ജി.എൻ.ആർ.ഇ.ജി.എസ് - വരവ്, ചെലവ്, നീക്കിയിരുപ്പ് വിവരങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

11. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം തൻവർഷം 400000/-രൂപ (പ്രോജക്ട് നം-123/20) മുൻകൂർ തുക കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ വിശദാംശങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

12. ബ്ലോക്ക്പഞ്ചായത്തിലെ ദിവസവേതന, പാർട്ട് ടൈം, കരാർ ജീവനക്കാർ, ജനപ്രതിനിധികളുടെ ഓണറേറിയം, സിറ്റിംഗ് ഫീസ് എന്നിവയുടെ മാർച്ച് 2020-ലെ ചെലവുകൾക്ക് ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-3 ഗ്രാന്റ് വിനിയോഗം

2019-20 -ൽ വിവിധ ഗ്രാന്റിനത്തിൽ ലഭ്യമായ തുകകളിൽ ചെലവഴിക്കാതെ പാഴായതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | അലോട്ട്മെന്റ് | ചെലവ് തുക എ.സി.ആർ പ്രകാരം | 2019-20 ലെ ക്യൂ ബിൽ തുക / ലാപ്സായതുക | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 65376000 | 40992507 | 24383493 | 63 |
| വികസന ഫണ്ട് (എസ്.സി.പി)* | 15450000 | 8516616 | 6933384 | 55 |
| വികസന ഫണ്ട് (ടി.എസ്.പി)** | 1939000 | 963275 | 975725 | 50 |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 8538000 | 6852514 | 1685486 | 80 |

*സഉ(കൈ)നം-11/2018/ത.സ്വ.ഭ.വ, തീയതി-29.09.2018 ഖണ്ഡിക 6.1 (1) പട്ടികജാതി ഉപപദ്ധതി വിഹിതം പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടില്ല. എന്നാൽ തൻവർഷം 55% തുക മാത്രമേ ചെലവഴിച്ചിട്ടുള്ളു.

** മേൽ ഉത്തരവ് ഖണ്ഡിക 6.2 (1) പട്ടിക വർഗ ഉപപദ്ധതി വിഹിതം പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടില്ല. എന്നാൽ തൻവർഷം 50% തുക മാത്രമേ ചെലവഴിച്ചിട്ടുള്ളു.

ഉല്പാദന, സേവന, പശ്ചാത്തല, വനിതാഘടക പദ്ധതി മേഖലകളിൽ വകയിരുത്തുന്ന തുകകൾ പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മേഖല | വകയിരുത്തിയതുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|
| പൊതുവിഭാഗം | ഉല്പാദനം | 21810240 | 9896564 | 45 |
| | സേവനം | 38622694 | 26965720 | 70 |
| | പശ്ചാത്തലം | 11065000 | 4130223 | 37 |
| പട്ടികജാതി വിഭാഗം | സേവനം | 12320000 | 7053600 | 57 |
| | പശ്ചാത്തലം | 3130000 | 808808 | 26 |

| | | | | |
|---|---|---|---|---|
| പട്ടികവർഗവിഭാഗം | പശ്ചാത്തലം | 569400 | 565275 | 99 |
| | സേവനം | 1369600 | 398000 | 29 |
| വനിതാഘടക പദ്ധതി | | 8813008 | 4054208 | 46 |

പ്രസ്തുത അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-6/2021-ന് ലഭ്യമാക്കിയ മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതികൾ കൃത്യമായി നടപ്പിലാക്കുന്നതിലും ലഭ്യമായ ഗ്രാന്റുകൾ ഫലപ്രദമായും പൂർണ്ണമായും ചെലവഴിക്കുന്നതിലും ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചിട്ടുണ്ട്. ഈ അപാകത വരുംവർഷങ്ങളിൽ പരിഹരിക്കുന്നതിൽ നിർവ്വഹണോദ്യോഗസ്ഥരും വിവിധ കമ്മിറ്റികളും നിർബന്ധമായും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 126 | 101158293 | 75 | 58473142 | - | 51 | 60 |

തൻവർഷം 60% പദ്ധതികൾ പൂർത്തീകരിച്ചുവെങ്കിലും വിവിധ പദ്ധതികൾക്കായി വകയിരുത്തിയ ഫണ്ടിന്റെ 58% ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പദ്ധതി വിഹിതം പൂർണമായും ഫലപ്രദമായും വിനിയോഗിക്കുന്നതിന് പ്രാമുഖ്യം നൽകേണ്ടതാണ്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 7879 | 1195892 | 1203770 | 952366 | 264565 |

## 1-6 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിംഗ് രീതി വളരെയധികം മെച്ചപ്പെടേണ്ടതായിട്ടുണ്ട്. വരവിനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. നിർവഹണ ഉദ്യോഗസ്ഥരുടെ ക്യാഷ്ബുക്ക് പരിപാലിക്കുന്നില്ല. പ്രോജക്ട് അപ്രൂവൽ ആകുമ്പോൾ തിരികെ നല്കാമെന്ന വ്യവസ്ഥയിൽ നിർവഹണ ഉദ്യോഗസ്ഥർക്ക് തനത് ഫണ്ടിൽ നിന്നും നല്കുന്ന മുൻകൂർ തുകകൾ അതതുവർഷം തന്നെ ക്രമീകരിക്കേണ്ടതാണ്. എല്ലാ നിർവഹണ ഉദ്ദോഗസ്ഥർക്കും പ്രോജക്ടുകൾ നല്കേണ്ടതും ചെലവഴിക്കാതെ ഫണ്ട് പാഴാകുന്ന അവസ്ഥ ഒഴിവാക്കേണ്ടതുമാണ്. മാലിന്യ നിർമ്മാജ്ജനവുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷങ്ങളിലെ പ്രോജക്ടുകളിൽ ലക്ഷ്യം കൈവരിക്കാത്തവയ്ക്ക് പ്രാധാന്യം നല്കി പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനും നടപ്പിലാക്കുന്നതിനും ഭരണസമിതിയുടെ ശ്രദ്ധ അനിവാര്യമാണ്. ബ്ലോക്ക്, പഞ്ചായത്ത് ഓഫീസ് വളപ്പിലെ മെറ്റീരിയൽ റിക്കവറി സെന്ററിന്റെ ശോചനീയാവസ്ഥയ്ക്ക് ഒരു ശാശ്വത പരിഹാരം ഉണ്ടാവേണ്ടതുണ്ട്.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ടിലെ പരാമർശിത അതീവ ഗുരുതര, ഗുരുതര പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാകും വിധം പദ്ധതികൾ ആസൂത്രണം ചെയ്യാൻ ശ്രമിക്കേണ്ടതാണ്.

പദ്ധതി മാർഗ്ഗരേഖ ആവശ്യപ്പെടും വിധം പദ്ധതി ആസൂത്രണം ചെയ്തുകഴിഞ്ഞ് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി മാറണം. പദ്ധതികളുടെ നിർവ്വഹണം നിലവിൽ മോണിറ്ററിംഗിന് വിധേയമാക്കുന്നില്ല.

## 1-7 പദ്ധതി നിർവ്വഹണത്തിലെ അപാകത; 116744/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. 123/20

പദ്ധതിയുടെ പേര്: പൂവത്തൂർ കരിപ്പക്കാല പള്ളിനട വൈദ്യുതിലൈൻ എക്സ്റ്റൻഷൻ

നിർവ്വഹണോദ്യോഗസ്ഥൻ: സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്

പ്രവൃത്തിയുടെ തരം: നിക്ഷേപ പ്രവൃത്തി

നിർവ്വഹണ ഏജൻസി: കെ. എസ്. ഇ. ബി.

ഫണ്ടിനം: വികസന ഫണ്ട് (പൊതുവിഭാഗം): 400000/-രൂപ

ആകെ അടങ്കൽ: 400000/-രൂപ

ഭരണാനുമതി നമ്പരും തീയതിയും: V(1)/27.08.2019

ചെലവ് തുക: 400000/-രൂപ

1) ട്രഷറി റഫറൻസ് നമ്പർ: 190202630869007O8044

ട്രഷറി അക്കൗണ്ടിംഗ് തീയതി: 19.10.2019

തുക: 283256/-

2) ട്രഷറി റഫറൻസ് നമ്പർ: 19020200000018283

ട്രഷറി അക്കൗണ്ടിംഗ് തീയതി: 06.10.2019

തുക: 116744/-

പൂവത്തൂർ കരിപ്പക്കാല പള്ളിനട വൈദ്യതിലൈൻ എക്സ്റ്റൻഷൻ എന്ന നിക്ഷേപ പ്രവൃത്തിക്കുവേണ്ടി വികസന ഫണ്ടിൽ നിന്നും (ജനറൽ) 400000/-രൂപ വകയിരുത്തി ആസൂത്രണം ചെയ്ത പദ്ധതിയാണിത്. നിർവ്വഹണ ഏജൻസിയുടെ എസ്റ്റിമേറ്റ് പ്രകാരം 283256/-രൂപ കെ. എസ്. ഇ. ബി. എൽ-ന കൈമാറുകയും പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുകയും ചെയ്തു. വകയിരുത്തിയ തുകയിൽ ബാക്കിയുണ്ടായിരുന്ന 116744/-രൂപ കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള 799011400002818 നം അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തു. ഇതു സംബന്ധിച്ച് യാതൊരു വിവരവും പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ ഇത്രയും തുക പ്രസ്തുത ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടതിന്റെയോ പണം നൽകിയതിന്റെ ഉദ്ദേശ്യമോ വ്യക്തമാക്കുന്ന രേഖകളൊന്നും ഫയൽ പരിശോധനയിൽ ലഭ്യമാക്കിയിരുന്നില്ല. യാതൊരു ആസൂത്രണവും മുൻവിധിയും ഇല്ലാതെ പൊതുപണം ഈ രീതിയിൽ ചെലവഴിക്കുന്നത് ക്രമവിരുദ്ധവും ചട്ട ലംഘനവും മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധവുമാണ്. ഗ്രാമപഞ്ചായത്തിന് എന്തെങ്കിലും ആവശ്യത്തിന് പണം നൽകണമായിരുന്നെങ്കിൽ ആയതിനനസൃതമായ പ്രോജക്ടുകൾ രൂപീകരിച്ച് ആവശ്യമായ ഫണ്ട് വകയിരുത്തി മാത്രമെ നൽകുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ ഇത്തരത്തിൽ ക്രമപ്രകാരമല്ലാതെ വിനിയോഗിച്ച 116744/- രൂപയുടെ ചെലവിന് ആധാരമായ മുഴുവൻ രേഖകളും ലഭ്യമാക്കുന്നതുവരെ മേൽ ചെലവുതുക തടസ്സപ്പെടുത്തുന്നു. അല്ലാത്തപക്ഷം ഇത് നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയായി മാറുന്നതാണ്.

ഇതിനു കാരണമാരാഞ്ഞുകൊണ്ട് 07.12.2021 തീയതിയിൽ 09-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കൊല്ലയിൽ ഗ്രാമപഞ്ചായത്തിന് കൈമാറിയ തുക പൂവത്തൂർ വാർഡിൽ മിനി ഹൈമാസ്റ്റ് ലൈറ്റ്, സ്ട്രീറ്റ്ലൈറ്റ് എന്നിവ സ്ഥാപിക്കുന്നതിനായി ചെലവഴിച്ചിട്ടുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-8 അക്രഡിറ്റഡ് ഏജൻസികളുമായി കരാറിലേർപ്പെടാതെ പദ്ധതി തുക മുൻകൂറായി നൽകി.

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളുമായി ബന്ധപ്പെട്ട ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ അക്രഡിറ്റഡ് ഏജൻസികളുമായി കരാറിലേർപ്പെടാതെ പദ്ധതി തുക മുൻകൂറായി അവരുടെ അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| പ്രോജക്ട് നം. | 98/20 (139/18-19) |
| പദ്ധതിയുടെ പേര് | ബഡ്സ് സ്കൂളുകളിൽ അടിസ്ഥാന സൗകര്യം |
| ഫണ്ടിനം: വികസന ഫണ്ട് (പൊതുവിഭാഗം) | 449981/- |
| ആകെ അടങ്കൽ | 449981/- |
| ഭരണാനുമതി നമ്പരും തീയതിയും | II (2)/29.05.2019 |
| ചെലവ് തുക | 449981/- |
| ട്രഷറി ബിൽ നം./തീയതി, തുക | 14/19-20/26.04.2019, 214442/- |
| | 03/19-20/26.04.2019, 235539/- |

ബഡ്സ് സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിൽ നിന്നും വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനായി യഥാക്രമം 214442/-രൂപയും 235539/-രൂപയും വിനിയോഗിച്ചിട്ടുണ്ട്. ഈ തുകകൾ പ്രസ്തുത സ്ഥാപനങ്ങളുടെ ബാങ്ക് അക്കൗണ്ടുകളിൽ മുൻകൂറായി നിക്ഷേപിച്ചുവെങ്കിലും കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനുമായി കരാറിലേർപ്പെട്ടിട്ടില്ല. എന്നാൽ കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനുമായി കരാറിലേർപ്പെട്ടിരുന്നു. രണ്ടു സ്ഥാപനങ്ങളിൽ നിന്നും ആവശ്യപ്പെട്ട ഉപകരണങ്ങൾ ലഭിച്ചുവെങ്കിലും യഥാസമയം അക്രഡിറ്റഡ് ഏജൻസിയുമായി കരാറിലേർപ്പെടാതെ പണം നൽകിയത് ക്രമവിരുദ്ധമായ നടപടിയായും നിർവ്വഹണോദ്യോഗസ്ഥന്റെ ജാഗ്രതക്കുറവായും ഓഡിറ്റ് വിലയിരുത്തുന്നു.

2)

| | |
|---|---|
| പ്രോജക്ട് നം. | 131/20 |
| പദ്ധതിയുടെ പേര് | നിലവിലെ സോളാർ വൈദ്യുതി പവ്വർഗ്രിഡുമായി ബന്ധിപ്പിക്കുന്നതിന് സംവിധാനം ഒരുക്കൽ |
| ഫണ്ടിനം: 1) വികസന ഫണ്ട് (പൊതുവിഭാഗം) | 100000/- |

| | |
|---|---|
| 2) തനത് ഫണ്ട് (ജനറൽ പർപ്പസ് ഫണ്ട്) | 180000/- |
| ആകെ അടങ്കൽ | 280000/- |
| ഭരണാനുമതി നമ്പരും തീയതിയും | II (5)/26.07.2019 |
| ചെലവ് തുക | 280000/- |
| ട്രഷറി ബിൽ നം./തീയതി, തുക | 34/25.10.2019, 100000/- |
| ചെക്ക് നം./തീയതി, തുക | 2719134/26.08.2019, 180000/- |

പവ്വർഗ്രിഡുമായി ബന്ധിപ്പിക്കുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനും അവ സ്ഥാപിക്കുന്നതിനുമായി എസ്റ്റിമേറ്റിന്റെയും ഇൻവോയിസിന്റെയും അടിസ്ഥാനത്തിൽ അക്രഡിറ്റഡ് ഏജൻസിയായ കെൽട്രോണിന്റെ അക്കൗണ്ടിലേയ്ക്ക് 280000/-രൂപ (180000+100000)നിക്ഷേപിച്ചത് കരാറിലേർപ്പെടാതെയാണ്. അക്രഡിറ്റഡ് ഏജൻസി പ്രവൃത്തി പൂർത്തീകരിച്ചെങ്കിലും കരാറിന്റെ അഭാവത്തിൽ ഉപകരണങ്ങൾക്ക് ലഭിക്കേണ്ട വാറന്റി, നിശ്ചിത ഇടവേളകളിലെ സർവ്വീസിംഗ്, അറ്റകുറ്റപ്പണികൾ തുടങ്ങിയ സേവനങ്ങൾ കെൽട്രോണിൽ നിന്നും ഉറപ്പാക്കുന്നതിന് കഴിയാതെ വരുന്നു. ഇത്തരം ധാരണയില്ലായ്മ ഭാവിയിൽ ധനനഷ്ടത്തിന് കാരണമായേയ്ക്കാവുന്നതാണ്. ആയതിനാൽ നിർവ്വഹണോദ്യോഗസ്ഥൻ ഇത്തരം കാര്യങ്ങളിൽ ജാഗ്രത പുലർത്തേണ്ടതാണ്. കൂടാതെ സുലേഖ ചെലവു പത്രികയിൽ വികസനഫണ്ടും തനത്ഫണ്ടും (ജനറൽ പർപ്പസ് ഫണ്ട്) വകയിരുത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തനത്ഫണ്ടിൽ നിന്നുള്ള ചെലവ് പ്രതിഫലിച്ചിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് 07.12.2021 തീയതിയിൽ 09 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ 2020-21 മുതൽ എല്ലാ നിർവ്വഹണ ഏജൻസികളുമായും കരാറിൽ ഏർപ്പെട്ടിട്ടാണ് തുക കൈമാറിയിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

## 1-9 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

നമ്മുടെ സംസ്ഥാനം സമീപകാലത്ത് നേരിട്ടുകൊണ്ടിരിക്കുന്ന പ്രകൃതി ദുരന്തങ്ങൾ, കാലാവസ്ഥ വ്യതിയാനങ്ങൾ, പകർച്ചവ്യാധികൾ എന്നിവയുടെ പശ്ചാത്തലത്തിൽ അവയെ നേരിടുന്നതിനും ഇനിയൊരു ദുരന്തമുണ്ടായാൽ ക്രിയാത്മകമായി ഇടപെടുന്നതിനും പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനുമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 2020-21 സാമ്പത്തികവർഷം മുതൽ ഒരു ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കി വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതാണ്. സ.ഉ (കൈ)നം.156/2019/തസ്വഭവ, തീയതി: 04.12.2019, സ.ഉ (കൈ)നം. 157/2019/ തസ്വഭവ, തീയതി: 15.12.2019 എന്നീ ഉത്തരവുകൾ പ്രകാരം ഈ പദ്ധതിയിൽ ദുരന്ത പ്രതിരോധത്തിനുള്ള തയ്യാറെടുപ്പുകൾ, പ്രത്യാഘാതങ്ങൾ കുറയ്ക്കുന്നതിനുള്ള പ്രവൃത്തികൾ എന്നിവ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇത്തരം പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിന് സ്ഥാപനതലത്തിലും വാർഡ്തലത്തിലും 20 അംഗങ്ങൾ വീതമുള്ള ലോക്കൽ റിസോഴ്സ് ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടതാണ്. ഈ ഗ്രൂപ്പുകളുടെ ഘടന, പ്രവർത്തന നിർദ്ദേശങ്ങൾ തുടങ്ങിയ വിവരങ്ങൾ സ.ഉ (കൈ)നം. 09/2020/തസ്വഭവ, തീയതി: 06.01.2020-ൽ വ്യക്തമാക്കിയിട്ടുണ്ട്. ദുരന്ത നിവാരണ പദ്ധതി രൂപീകരിക്കുന്നതിനുള്ള ഏകോപനം ഉറപ്പുവരുത്തുന്നതിനായി ദുരന്തനിവാരണ വർക്കിംഗ് ഗ്രൂപ്പിനും രൂപം കൊടുക്കേണ്ടതാണ്. ദുരന്തനിവാരണ പദ്ധതി തയ്യാറാക്കാൻ പട്ടികകളും അവയിലേയ്ക്ക് ആവശ്യമായ വിവരങ്ങൾ ശേഖരിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അടങ്ങിയ ഏകീകൃത ടെംപ്ലേറ്റ് സ.ഉ (കൈ)നം. 14/2020/ തസ്വഭവ, തീയതി: 14.01.2020 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് വാർഷിക പദ്ധതികളുടെ വികസന സെമിനാറിനു മുമ്പായി ദുരന്തനിവാരണ പദ്ധതിക്കു മാത്രമായി പ്രത്യേക വികസന സെമിനാർ സംഘടിപ്പിക്കേണ്ടതാണ്. ഇതിൽ ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചുവേണം മറ്റു വർക്കിംഗ് ഗ്രൂപ്പുകൾ അവരുടെ പദ്ധതികൾക്കു രൂപം നൽകേണ്ടത്.

ഈ വിഷയം സംബന്ധിച്ച് 09.12.2021 തീയതിയിൽ 20-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ലോക്കൽ റിസോഴ്സ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടില്ലെന്നും ജൈവവൈവിധ്യ-കാലാവസ്ഥ വ്യതിയാന വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. ദുരന്ത നിവാരണപദ്ധതി തയ്യാറാക്കി വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കുന്നതിനും അതിനായി മേൽ സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിനും ഭരണസമിതി പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-10 വാഹന പരിപാലനത്തിലെ അപാകതകൾ.

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL 19 C 2226 നമ്പരിലുള്ള ഔദ്യോഗിക വാഹനത്തിന്റെ പരിപാലനം സംബന്ധിച്ച് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റിന് വിധേയമാക്കിയിട്ടി ല്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL 19 C 2226 നമ്പരിലുള്ള ഔദ്യോഗിക വാഹനത്തിന്റെ 2019-20 വർഷത്തെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയിട്ടില്ല. ജി.ഒ (ആർ.ടി) നം. 582/75 പി. ഡബ്ല്യു തീയതി. 05.05.1975, ധനകാര്യ പരിശോധന വിഭാഗം (നോൺ ടെക്നിക്കൽ-എഫ്) വകുപ്പ് സർക്കുലർ നം. 41/2008/ധന തീയതി. 02.08.2008 എന്നിവ പ്രകാരം സർക്കാർ/പൊതുമേഖല ഉടമസ്ഥതയിലുള്ള എല്ലാ വാഹനങ്ങളും വർഷത്തിലൊരിക്കൽ കേരള പൊതുമരാമത്ത് വകുപ്പ് മെക്കാനിക്കൽ വിഭാഗത്തെക്കൊണ്ട് ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിക്കേണ്ടതും ഇന്ധന ഉപഭോഗം സംബന്ധിച്ച സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ പതിക്കേണ്ടതും ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയ വിവരം ലോഗ്ബുക്കുകളിൽ രേഖപ്പെടുത്തേണ്ടതുമാണ്.

2019-20 കാലയളവിൽ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയിട്ടുണ്ടെങ്കിൽ ആയതിന് ആധാരമായ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 10.12.2021 തീയതിയിൽ 22 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ഉപോദ്ബലകമായ രേഖകളോ മറുപടിയോ ലഭ്യമാക്കിയില്ല. ഇക്കാരണത്താൽ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. യഥാസമയം ഇന്ധനക്ഷമത ടെസ്റ്റ് നടത്തിയിട്ടില്ലാത്തതിനാൽ മൈലേജ് കൃത്യമായി നിർണ്ണയിക്കാൻ കഴിയാതെ വരികയും തത്ഫലമായി ഇന്ധന ചെലവ് വർദ്ധിക്കുന്നതിനും വാഹനം ദുരുപയോഗം ചെയ്യുന്നതിനും കാരണമാകുന്നു. ആയതിനാൽ സമയബന്ധിതമായി ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തുവാൻ കസ്റ്റോഡിയൻ ഓഫീസർ ശ്രദ്ധിക്കേണ്ടതാണ്.

പുക പരിശോധയ്ക്ക് (Pollution Test) വിധേയമാക്കിയിട്ടി ല്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL 19 C 2226 നമ്പർ വാഹനത്തിന്റെ 2019-20 സാമ്പത്തിക വർഷം പുക പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല. വാഹനത്തെ സംബന്ധിച്ച രേഖകളുടെ പരിശോധനയിലാണ് ഇക്കാര്യം ബോദ്ധ്യപ്പെട്ടത്. ഈ വിഷയം ചൂണ്ടിക്കാട്ടി 10.12.2021 തീയതിയിൽ 22 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഔദ്യോഗിക വാഹനങ്ങൾ നിഷ്കർഷിക്കപ്പെട്ട ഇടവേളകളിൽ പുക പരിശോധനയ്ക്ക് വിധേയമാക്കേണ്ടത് കസ്റ്റോഡിയൻ ഓഫീസറുടെ ചുമതലയാണ്.

സർക്കാർ വകുപ്പിൽ നിന്നും ഇൻഷ്വറൻസ് എടുത്തിട്ടില്ല.

KL 19 C 2226 നമ്പർ ഔദ്യോഗിക വാഹനത്തിന്റെ ഇൻഷ്വറൻസ് കേരള സർക്കാർ ഇൻഷ്വറൻസ് വകുപ്പിൽ നിന്നും എടുക്കുന്നതിനു പകരം ദി ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ലിമിറ്റഡിൽ നിന്നുമാണ് എടുത്തിട്ടുള്ളത്. 18.04.2000 ലെ ജി.ഒ.(പി) നം. 819/2000 ഫിൻ ഉത്തരവു പ്രകാരം ഗവ. വകുപ്പുകൾ, പൊതുമേഖല സ്ഥാപനങ്ങൾ, സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ ഔദ്യോഗിക വാഹനങ്ങളുടെ തേർഡ് പാർട്ടി ഇൻഷ്വറൻസ് കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിന്നും എടുക്കേണ്ടതാണ്.

മെയിന്റനൻസ് ആന്റ് റിപ്പയർ രജിസ്റ്റർ , ഇന്ധന രജിസ്റ്റർ എന്നിവ പരിപാലിക്കു ന്നില്ല.

അറ്റകുറ്റപ്പണികൾ, സ്പെയർ പാർട്സുകൾ മാറ്റി സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികളും അതിനുവേണ്ടിവന്ന ചെലവ്, തീയതി തുടങ്ങിയ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുള്ള മെയിന്റനൻസ് ആന്റ് റിപ്പയർ രജിസ്റ്ററും ഇന്ധനം നിറച്ച തീയതി, അളവ്, വില, വാഹന നമ്പർ എന്നീ വിവരങ്ങൾ രേഖപ്പടുത്തിയിട്ടുള്ള ഇന്ധന രജിസ്റ്ററും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

മെയിന്റനൻസ് ആന്റ് റിപ്പയർ രജിസ്റ്റർ, ഇന്ധന രജിസ്റ്റർ എന്നിവ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 10.12.2021 തീയതിയിൽ 22 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ഉപോദ്ബലകമായ രേഖകളോ മറുപടിയോ ലഭ്യമാക്കിയില്ല. സ.ഉ (പി) നം. 803/70/ ഫിൻ തീയതി. 13.11.1970 പ്രകാരം പുറപ്പെടുവിച്ച മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങളിലെ ചട്ടം.I(3) അനുസരിച്ച് വാഹനങ്ങളുടെ നിയന്ത്രണോദ്യോഗസ്ഥൻ സൂക്ഷിക്കേണ്ട പ്രധാന രേഖകളാണ് മെയിന്റനൻസ് ആന്റ് റിപ്പയർ രജിസ്റ്ററും ഇന്ധന രജിസ്റ്ററും. ആയതിനാൽ മേൽപ്പറഞ്ഞ രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടത് നിയന്ത്രണോദ്യോഗസ്ഥന്റെ ഉത്തരവാദിത്തമാണ്.

## 1-11 ലോഗ്ബുക്ക് പരിപാലനത്തിലെ അപാകതകൾ.

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL 19 C 2226 നമ്പർ വാഹനത്തിന്റെ ലോഗ്ബുക്കുകൾ നിയമാനുസൃതമായ രീതിയിൽ പരിപാലിക്കുന്നില്ല. ലോഗ്ബുക്കുകളുടെ പരിപാലനത്തിൽ കെ.എഫ്.സി വാല്യം.I പ്രകാരം കെ.എഫ്.സി വാല്യം.II ൽ നൽകിയിട്ടുള്ള 48എ, 48ബി എന്നീ ഫോറങ്ങളിലെ വ്യവസ്ഥകളും കേരള സർക്കാർ ധനകാര്യ പരിശോധനാ വിഭാഗം (നോൺ ടെക്നിക്കൽ-എഫ്) വകുപ്പ് പുറപ്പെടുവിച്ച 2.08.2008 ലെ 41/2008/ധന നമ്പർ സർക്കുലറിലെ വ്യവസ്ഥകളും 30.06.07 ലെ ജി.ഒ.(എം.എസ്) 170/07 ത.സ്വ.ഭ.വ എന്ന ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്. 2019-20 സാമ്പത്തിക വർഷത്തെ ലോഗ്ബുക്കുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കസ്റ്റോഡിയൻ-ഓഫീസർ ലോഗ്ബുക്ക് പരിശോധിക്കുന്നില്ല.

വാഹനത്തിന്റെ കസ്റ്റോഡിയൻ-ഓഫീസർ ഇടയ്ക്കിടെ ലോഗ്ബുക്ക് പരിശോധിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗം ക്രമപ്രകാരമാണെന്ന് ബോദ്ധ്യപ്പെടേണ്ടതും പരിശോധിച്ച വിവരം അതിൽ രേഖപ്പെടുത്തി സാക്ഷ്യപ്പടുത്തേണ്ടതുമാണ്.

2. ഫുൾടാങ്ക് ഇന്ധനം നിറയ്ക്കുന്നില്ല.

വാഹനത്തിന്റെ ഇന്ധനടാങ്ക് പൂർണ്ണമായും നിറയ്ക്കേണ്ടതാണ്. നിയന്ത്രണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ മേൽനോട്ടത്തിലോ അല്ലെങ്കിൽ നിയന്ത്രണാധികാരി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലോ ഇന്ധനം നിറയ്ക്കേണ്ടതാണ്. തീയതി, ഇന്ധനത്തിന്റെ ആകെ അളവ്, ഇന്ധനം നിറയ്ക്കുമ്പോഴുള്ള കിലോമീറ്റർ റീഡിംഗ്, ആ സമയത്ത് വാഹനത്തിലുണ്ടായിരുന്ന ഇന്ധനത്തിന്റെ മുൻബാക്കി എന്നിവ ലോഗ്ബുക്കിൽ എഴുതിയതിനുശേഷം ടാങ്ക് നിറയ്ക്കുമ്പോൾ സന്നിഹിതനായിരുന്ന ഉദ്യോഗസ്ഥന്റെ പേരും ഒപ്പും ഉദ്യോഗപ്പേരും ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതിന് ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ വാഹനത്തിന്റെ ടാങ്ക് കപ്പാസിറ്റിയും ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

3. രജിസ്ട്രേഷൻ നമ്പർ രേഖപ്പെടുത്തുന്നില്ല.

ലോഗ്ബുക്കിന്റെ നിർദ്ദിഷ്ട ഭാഗത്ത് വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ, Type Of Vehicle എന്നീ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

4. അറ്റകുറ്റപണികളുടെ വിവരം രേഖപ്പെടുത്തുന്നില്ല.

അറ്റകുറ്റപണികളെ സംബന്ധിച്ചുള്ള വിവരങ്ങൾ യഥാസമയം ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ഇതു സംബന്ധിച്ച പ്രത്യേക രജിസ്റ്ററും സൂക്ഷിക്കേണ്ടതാണ്.

വാഹനത്തിന്റെ കസ്റ്റോഡിയനായ സെക്രട്ടറിയും, പരിപാലന ചുമതലയുള്ള ഉദ്യോഗസ്ഥനും മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗവും പരിപാലനവും ലോഗ്ബുക്കുകളുടെയും അനുബന്ധ രേഖകളുടെയും പരിപാലനവും നിയമപ്രകാരമാണെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ഇതു സംബന്ധിച്ച് 10.12.2021-ൽ 22 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-12 ഭരണസമിതിയുടെ അനുവാദം ഇല്ലാതെ തുക ചെലവഴിച്ചു. 14916/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി പെരുങ്കടവിള |
| പദ്ധതി, നം | പെരുങ്കടവിള സി.എച്ച്.സി യിൽ അടിസ്ഥാന സൗകര്യം വർധിപ്പിക്കൽ , S0016/19-20 |
| അടങ്കൽ തുക | ആകെ 7,00,000/-<br>(7,00,000/- മെയിന്റനൻസ് ഫണ്ട് - റോഡിതരം ) |
| ചെലവ് തുക | (35000/-<br>ബിൽ നം.12/19-20, 30-09-2019,<br>84700/-,<br>ബിൽ നം.16/19-20, 26-10-2019,<br>2,04,000/-<br>ബിൽ നം. 26/19-20, 25-02-2020,<br>1,00,000/-,<br>ബിൽ നം. 27/19-20 , 25-02-2020<br>98,959/-<br>ബിൽ നം. 28/19-20 , 26-02-2020) |
| പ്രോജക്റ്റ് അനുമതി-തീരുമാനം നം | 44/2019-20, 26-09-2019 |

പെരുങ്കടവിള സി എച്ച് സി -യിൽ അടിസ്ഥാന സൗകര്യം വർധിപ്പിക്കൽ പദ്ധതിക്കായി 7,00,000/-രൂപയ്ക്ക് അടങ്കൽ സമർപ്പിച്ചിരുന്നു. 5,22,659/-രൂപ പദ്ധതിക്കായി തനത് സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട് . പദ്ധതി പ്രകാരം പ്രൊജക്ടർ വാങ്ങാനും എയർ കണ്ടിഷണറിനും ഓഫീസ് / സ്ഥാപന ആവശ്യങ്ങൾക്കുള്ള ഇലക്ട്രിക് ഉപകരണങ്ങൾ വാങ്ങുന്നതിലേക്കുമാണ് തുക വകയിരുത്തിയിട്ടുള്ളത്. എന്നാൽ പദ്ധതി വഴി ചെലവഴിച്ച തുകയിൽ ഭൂരിഭാഗം തുകയും കോൺഫറൻസ് ഹാളിന്റെ പുനരുദ്ധാരണത്തിനും മോടി പിടിപ്പിക്കലിനും വേണ്ടി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഉദാഹരണമായി, പദ്ധതി ഉദ്ദേശത്തിന് വിരുദ്ധമായും ഭരണ സമിതിയുടെ അനുമതി ഇല്ലാതെയും ബിൽ നം 27 / 19-20 തീ 25-02-2020 വഴി 14916/- രൂപ ചെലവഴിച്ച് കോൺഫറൻസ് ഹാളിലേക്ക് നിലവിളക്ക് വാങ്ങിച്ചിട്ടുണ്ട് (ഇൻവോയ്സ് നം.920/11-12-2019). പദ്ധതി ലക്ഷ്യത്തിൽ ഉൾപ്പെടാത്ത കാര്യത്തിനായി തുക ചെലവഴിച്ചതിനു കാരണം അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം.4) നൽകിയ മറുപടിയിൽ "നിലവിളക്ക് വാങ്ങിയത് കോൺഫറൻസ് ഹാളിന്റെ നവീകരണം എന്ന രീതിയിൽ ആണ് " എന്നാണ് അറിയിച്ചിരിക്കുന്നത്. അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ച പദ്ധതി പണം ഉപയോഗിച്ച് അലങ്കാര ആവശ്യത്തിനായി നിലവിളക്ക് വാങ്ങിയത് ക്രമവിരുദ്ധമാണ്. നിലവിളക്ക് ഒരു ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് വേണ്ട അടിസ്ഥാന സൗകര്യമായി കണക്കാക്കാൻ സാധിക്കാത്തതിനാൽ പദ്ധതി ലക്ഷ്യങ്ങളിൽ നിന്നും വ്യതിചലിച്ച് ഭരണസമിതിയുടെ അംഗീകാരമില്ലാതെ 14916/- രൂപ ചെലവ് ചെയ്തതിന് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കുന്നതുവരെ തുക തടസ്സപ്പെടുത്തുന്നു.

1-13 പദ്ധതി പ്രകാരം വാങ്ങിയ സാധനങ്ങൾ ഇൻസ്റ്റാൾ ചെയ്തതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

പെരുങ്കടവിള സി.എച്ച്.സി യിൽ അടിസ്ഥാന സൗകര്യം വർധിപ്പിക്കൽ, SO016/19-20 പദ്ധതി പ്രകാരം ബിൽ നം 28 / 19-20 തീ 26-02 -20 ഇൻവോയ്സ് നം Kmr / 19 -20 / 761 വഴി 98959/- രൂപ ചെലവഴിച്ച് പ്രൊജക്ടർ ആംപ്ലിഫയർ ഗ്ലൂസ് നെക്ക് മൈക്ക് Usb പ്രെസെന്റർ വയർലെസ്സ് മൈക്ക് തുടങ്ങിയവ വാങ്ങിയിട്ടുണ്ട്. 2521/- രൂപയുടെ ഇൻസ്റ്റാളേഷൻ ഫീ ഉൾപ്പെടെയാണ് ഈ ചെലവ്. എന്നാൽ ഇവ ഇൻസ്റ്റാൾ ചെയ്ത് പ്രവർത്തന സജ്ജമായതായി സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തി സാക്ഷ്യപത്രം പ്രസ്തുത രേഖകൾക്കൊപ്പം സൂക്ഷിച്ചിട്ടില്ല. പദ്ധതിപ്രകാരം വാങ്ങിയിട്ടുള്ള വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കേണ്ടതും പദ്ധതി ലക്ഷ്യപ്രാപ്തിയിൽ എത്തിയിട്ടുണ്ടോ എന്നത് ഉറപ്പാക്കേണ്ടതും നിർവഹണ ഉദ്യോഗസ്ഥന്റെ കടമയാണെന്നിരിക്കെ പ്രസ്തുത സാക്ഷ്യപത്രം രേഖകൾക്കൊപ്പം സൂക്ഷിക്കാത്തതിന് കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/16.12.2021 ) സാക്ഷ്യപത്രം ഫയലിൽ പിന്നീട് ഉൾകൊള്ളിച്ചതായി അറിയിച്ച് ഓഡിറ്റ് കഴിഞ്ഞശേഷം മറുപടി നൽകിയിട്ടുണ്ട്. കേടുപാടുകൾ സംഭവിച്ച സാമഗ്രികൾ അല്ല വിതരണം ചെയ്തിരിക്കുന്നതെന്ന് ഇത്തരത്തിൽ ഇനിമേൽ ഉറപ്പ് വരുത്തി സാക്ഷ്യപത്രം ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 1-14 കരാർ പത്രത്തിലെ രേഖപെടുത്തലുകൾ അപൂർണം.

വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന കരാർ പത്രങ്ങൾ അപൂർണ്ണമാണ്. (ഉദാ 75924/- രൂപയുടെ ഫോഗിങ് മെഷീൻ വിതരണം ചെയ്തുകൊള്ളാമെന്ന ബോധിപ്പിച്ചുകൊണ്ടുള്ള റെയ്ഡ്കോ മാനേജരുടെ കരാർ പത്രം). കൃത്യമായ രേഖപെടുത്തലുകളില്ലാതെ ഒപ്പ് മാത്രം രേഖപ്പെടുത്തിയാണ് കരാർപത്രം സൂക്ഷിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.4/16.12.2021-ന മറുപടിയായി ടെൻഡർ ആയി ബന്ധപ്പെട്ട കരാർ പത്രങ്ങൾ അപൂർണമായവ അപാകത പരിഹരിച്ച് ഫയലിൽ സൂക്ഷിച്ചതായി അറിയിച്ചിട്ടുണ്ട് . കരാർ പത്രം കരാർവെയ്ക്കുന്ന മാത്രയിൽ തന്നെ മുഴുവനായി രേഖപ്പെടുത്തി ഒപ്പിട്ടുവാങ്ങി ഉടമ്പടിയുടെ ആധികാരികത ഉറപ്പാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-15 ചെലവ് രേഖകൾ ഹാജരാക്കിയില്ല. 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, വെള്ളറട |
| പദ്ധതി നം. | പാലിയേറ്റീവ് കെയർ , SO076/20 |
| അടങ്കൽ തുക | 5,00,000/- (5,00,000/- പൊതു വിഭാഗം ( സാധാരണ വിഹിതം ) ) |
| ചെലവ് തുക | ആകെ 499972/-<br>(12480 ബിൽ നം.-4/19-20, 22-10-2019,<br>7171 ബിൽ നം.5/19-20, 22-10-2019,<br>34579 - ബിൽ നം. 8/19-20, 06-11-2019<br>50300, ബിൽ നം. 13/19-20 , 29-11-2019<br>29011 - ബിൽ നം. 17/19-20 , 16-12-2019<br>48630 ബിൽ നം. 35/19-20 , 14-02-2020<br>53664 ബിൽ നം: 24/19-20 , 07-01-2020<br>44177 ബിൽ നം: 24/19-20 , 14-02-2020<br>180000 ബിൽ നം: 32/19-20 , 14-02-2020<br>20000 ബിൽ നം: 31/19-20 , 14-02-2020<br>4000 ബിൽ നം: 30/19-20 , 14-02-2020<br>15960 ബിൽ നം: 36/19-20 , 10-03-2020) |
| പ്രോജക്റ്റ് അനുമതി- തീരുമാനം നം | 46/2019-20, 25-04-2019 |

ബിൽ നം 32 / 19-20 തീ 14/ 02 / 20 പ്രകാരം 180000/- രൂപ കാരുണ്യ ഹോസ്പിറ്റൽ കമ്മ്യൂണിറ്റി ഫാർമസിക്ക് നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ തുക എന്തിനാണ് വിനിയോഗിച്ചതെന്ന് ബോധ്യപെടുത്തുന്ന യാതൊരു വിധ രേഖകളും ഇതോടൊപ്പം സൂക്ഷിച്ചിട്ടില്ല. അതുപോലെ ബിൽ നം 31 / 19 - 20 തീ 14 – 2- 20 പ്രകാരം 20000/- രൂപ കാരുണ്യാ ഫാർമസിക്ക് നൽകിയിട്ടുണ്ട്. ഈ തുക എന്ത് ആവശ്യത്തിന് വിനിയോഗിച്ച എന്ന് ബോധ്യപ്പെടുത്തുന്ന അനുബന്ധ രേഖകൾ ലഭ്യമല്ല, ചെലവ്

സംബന്ധിച്ച രേഖകൾ അടിയന്തിരമായി ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം.8 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയവ ഹാജരാക്കിയിട്ടില്ല. ചെലവുതുക സംബന്ധിച്ച വിശദാശങ്ങൾ ഹാജരാക്കാത്ത സാഹചര്യത്തിൽ തുക 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-16 പദ്ധതി പ്രകാരം വാങ്ങിയ റെഫ്രിജറേറ്റർ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

പാലിയേറ്റീവ് കെയർ പ്രോ നം SO076 / 20 പ്രകാരം 'രോഗം ബാധിച്ച് ആവശ നിലയിൽ കിടക്കുന്നവർക്ക് ആശ്വാസമായി രോഗ പരിചരണം നൽകൽ' എന്ന ലക്ഷ്യത്തിനായി 5,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 4,99,972/- രൂപ ആകെ ചെലവഴിച്ചിട്ടുണ്ട്. ബിൽ നം 13 / 19 -20 തീ 18-02-20 പ്രകാരം ചെലവഴിച്ച 50300/- രൂപയിൽ 27140/- രൂപ മുതൽ മുടക്കി ഒരു റെഫ്രിജറേറ്റർ വാങ്ങിയിട്ടുണ്ട്. പദ്ധതി ലക്ഷ്യപ്രാപ്തിക്കായി ഒരു റെഫ്രിജറേറ്റർ-ന്റെ ആവശ്യം സാധൂകരിക്കുന്ന അനുബന്ധ രേഖകൾ ഒന്നുംതന്നെ സൂക്ഷിച്ചിട്ടില്ല. പ്രസ്തുത തുകയ്ക്ക് വാങ്ങൽ നടത്തിയതായി കാണിച്ച് ഒരു ബിൽ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്(ഇൻവോയ്സ് നം . AGBS / 1920/130- 14-11-2019 ). വാങ്ങിയ റഫ്രിജറേറ്റർ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. കൂടാതെ 27140/- രൂപ മുതൽ മുടക്കി വാങ്ങിയിട്ടുള്ള ഫ്രിഡ്ജ് കേടുപാടുകളൊന്നും കൂടാതെ 'റിസീവ് ' ചെയ്തതായോ പ്രവർത്തന സജ്ജമാക്കിയതായോ സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാങ്ങൽ സംബന്ധിച്ചുള്ള അനുബന്ധ രേഖകൾ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം.8 വഴി ആവശ്യപ്പെട്ടിരുന്നെങ്കിലും ആയവ ലഭ്യമാക്കിയിട്ടില്ല. "കേരള ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കിൾ 147 പ്രകാരം സ്റ്റോറുകൾ കൈപ്പറ്റുവാൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആയവ പരിശോധിച്ച് സ്റ്റോക്കിൽ എടുക്കേണ്ടതാണ്. പുതിയതല്ലാത്തതോ സ്പെസിഫിക്കേഷൻ പ്രകാരമല്ലാത്തതോ കേടുപാടുകൾ സംഭവിച്ചതോ ആയ സാമഗ്രികൾ സ്വീകരിക്കേണ്ടതില്ല. സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന കാര്യം വ്യക്തമല്ല. ആർട്ടിക്കിൾ 149(1) പ്രകാരം ഓഫീസ് തലവനോ ചുമതലപ്പെട്ട മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ സ്റ്റോക്ക് അക്കൗണ്ട് കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ് ". സ്റ്റോർ പർച്ചേസ്, സ്റ്റോറുകളുടെ വില്പന എന്നിവയ്ക്കായുള്ള കെ.എഫ്.സി യിലെ ചട്ടങ്ങൾ കൃത്യമായി പാലിച്ചിട്ടില്ല . ടി പർച്ചേസ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സ്ഥാപന മേധാവിയുടെ സാക്ഷ്യപ്പെടുത്തലോടു കൂടി സൂക്ഷിക്കാൻ വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-17-1 മോഡ്യുലാർ ഫാർമസി റാക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി വെള്ളറട |
| പദ്ധതി നം. | വെള്ളറട സി.എച്ച്.സി-യിലെ അടിസ്ഥാന സൗകര്യം ( S 0044 / 20 ) |
| അടങ്കൽ തുക | ആകെ 10,00,000/-<br>(10,00,000/- മെയിന്റനൻസ് ഫണ്ട് - റോഡിതരം ) |
| ചെലവ് തുക | ആകെ 9,99,967/-<br>(329106 ബിൽ നം.-3/19-20, 19-09-2019,<br>229330, ബിൽ നം.6/19-20, 6-11-2019,<br>99750 ബിൽ നം. 7/19-20, 6-11-2019,<br>43500, ബിൽ നം.9/19-20 , 17-12-2019<br>85500 -ബിൽ നം. 10/19-20,17-12-2019<br>22750 ബിൽ നം. 15/19-20,17-12-2019<br>29525 ബിൽ നം. 14/19-20,16-12-2019<br>34206ബിൽ നം. 16/19-20,16-12-2019<br>16000 ബിൽ നം. 22/19-20,18-01-2020<br>52500 ബിൽ നം. 27/19-20,25-02-2020<br>21000ബിൽ നം. 28/19-20,25-02-2020<br>36800 ബിൽ നം. 34/19-20,18-02-2020 |
| പ്രോജക്റ്റ് അനുമതി- തീരുമാനം നം | 45/2019-20, 25-04-2019 |

വെള്ളറട സി.എച്ച്.സി-യിലെ അടിസ്ഥാന സൗകര്യം ( SO044 / 20 ) പദ്ധതി പ്രകാരം അടിസ്ഥാന സൗകര്യ വികസനത്തിനായി 10,00,000/-രൂപ അടങ്കൽ സമർപ്പിച്ചിട്ടുണ്ട്. 9,99,967/-രൂപ പദ്ധതി പ്രകാരം ചെലവഴിച്ചിട്ടുണ്ട്. പദ്ധതി വഴി ബിൽ നം 6 / 19 -20 തീ 22-10-2019-ൽ നിന്നും (തുക 229300) 99750/- രൂപ ചെലവഴിച്ച് 3 സെറ്റ് മോഡ്യുലാർ ഫാർമസി റാക്ക് വാങ്ങിയിട്ടുണ്ട്. ഇത് സ്റ്റോക്ക് രജിസ്റ്റർ 2-ൽ 151 -ാം പേജിൽ രേഖപെടുത്തിയിട്ടുണ്ട്. ഇൻവോയ്സ് നം ELR / 81 / 19-20 തീ 26 -10-2019 ) ബിൽ നം 7 / 19 -20 തീ 22 -10 19 പ്രകാരം 99750/-രൂപ അതേ സ്പെസിഫിക്കേഷനിൽ ഉള്ള റാക്കിനായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ ഇത് ചേർത്തിട്ടില്ല. ഇൻവോയ്സിൽ (ELR 82 19-20 ) പ്രസ്തുത സ്റ്റോക്ക്, സ്റ്റോക്ക് രജിസ്റ്റർ 2-ൽ 151-ാം പേജിൽ രേഖപ്പെടുത്തിയതായാണ് കാണിച്ചിരിക്കുന്നത്. ഇത് ഇൻവോയ്സ് നം ELR / 81 / 19-20 പ്രകാരമുള്ള സ്റ്റോക്ക് ആണ് . ELR 82 19-20 പ്രകാരമുള്ള സ്റ്റോക്ക് അല്ല. സ്റ്റോക്ക് രജിസ്റ്ററിൽ പ്രസ്തുത പർച്ചേസ് ചേർക്കാത്തതിന് കാരണം വ്യക്തമാക്കാൻ ഓഡിറ്റ് എൻക്വയറി നം 16 പ്രകാരം

ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിലെ അപാകത പരിഹരിച്ച് വിവരം ഓഡിറ്റിനെ ധരിപ്പിക്കേണ്ടതാണ്.

### 1-17-2 സിസിടിവി ക്യാമറകൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

വെള്ളറട സി.എച്ച്.സി-യിലെ അടിസ്ഥാന സൗകര്യം ( S0044 / 20 ) പദ്ധതി പ്രകാരം ബിൽ നം 3 / 19-20 തീ 19 - 09 -19 വഴി ചെലവഴിച്ച 3,29,106/- രൂപയിൽ 2,15,106/- രൂപ ചെലവഴിച്ച് Cctv ക്യാമറകൾ മോണിറ്റർ ഹാർഡ് ഡിസ്ക് അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങിയിട്ടുണ്ട്( ഇൻവോയ്സ് നം 99 തീ 29 - 08 -19) . 9600/- രൂപ ഇൻസ്റ്റലേഷൻ ചാർജായി ഈടാക്കിയിട്ടുണ്ട്. എന്നാൽ തുകയ്ക്ക് അനുസൃതമായ സാധനങ്ങളെല്ലാം ലഭിച്ചെന്നോ ആയവ ഇൻസ്റ്റാൾ ചെയ്ത് പ്രവർത്തന സജ്ജമാക്കിയതായോ സ്ഥാപന മേധാവി സാക്ഷ്യപെടുത്തിയിട്ടില്ല. ഈ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുമില്ല . സാക്ഷ്യപത്രം സൂക്ഷിക്കാത്തതിനും സ്റ്റോക്ക് രജിസ്റ്ററിൽ ഈ സാധനങ്ങൾ ചേർക്കാത്തതിനും കാരണം അറിയിക്കണമെന്ന് ഓഡിറ്റ് എൻക്വയറി നം 16 വഴി ആവശ്യപെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. "കേരള ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കിൾ 147 പ്രകാരം സ്റ്റോറുകൾ കൈപ്പറ്റുവാൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആയവ പരിശോധിച്ച് സ്റ്റോക്കിൽ എടുക്കേണ്ടതാണ്. ആർട്ടിക്കിൾ 149 (1) പ്രകാരം ഓഫീസ് തലവനോ ചുമതലപ്പെട്ട മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ സ്റ്റോക്ക് അക്കൗണ്ട് കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ് ". സ്റ്റോർ പർച്ചേസ്, സ്റ്റോറുകളുടെ വില്പന എന്നിവയ്ക്കായുള്ള കെ എഫ് സി-യിലെ ചട്ടങ്ങൾ കൃത്യമായി പാലിച്ചിട്ടില്ല. ടി പർച്ചേസ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സ്ഥാപനമേധാവിയുടെ സാക്ഷ്യപ്പെടുത്തലോടു കൂടി സൂക്ഷിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-17-3 സാങ്കേതിക വിദഗ്ദന്റെ ഉപദേശം ഇല്ലാതെ കേടായ എ.സി-ക്ക് പകരമായി പുതിയ എ.സി വാങ്ങിയിരിക്കുന്നു.

ലാബിലെ Ac പ്രവർത്തന രഹിതമായതിനാൽ നിലവിലെ Ac ശരിയാക്കുകയോ പുതിയ Ac വാങ്ങുകയോ ചെയ്യണമെന്ന ലാബ് ടെക്നീഷ്യന്റെ അപേക്ഷയെ തുടർന്ന് ബിൽ നം 27 / 19 - 20 തീ 25-02-20 പ്രകാരം 52500/-രൂപ ചെലവഴിച്ച് പുതിയ AC വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ് നം AGBS / 1920 / 134 തീ 20 - 12 - 19 ). പഴയ AC ശരിയാക്കാൻ സാധിക്കില്ല എന്ന് ബോധ്യപ്പെടുത്തിക്കൊണ്ടുള്ള സാങ്കേതിക വിദഗ്ധരുടെ സാക്ഷ്യപത്രം രേഖകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. പഴയ AC നിലവിൽ ലേലം ചെയ്ത് നൽകിയിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ എത്തരത്തിലാണ് നിലവിൽ അത് പ്രയോജനപ്പെടുത്തുന്നതെന്നും അറിയിക്കാൻ ഓഡിറ്റ് എൻക്വയറി നം 16 വഴി ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥലപരിശോധനയിൽ പഴയ എ.സി ഉപയോഗശൂന്യമായ നിലയിൽ ആശുപത്രിയിൽ തന്നെ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. മറ്റൊരു രീതിയിലും പ്രയോജനപ്പെടുത്താൻ പറ്റാത്ത സാഹചര്യമുണ്ടെങ്കിൽ പ്രസ്തുത വസ്തു ലേലം ചെയ്തു നൽകാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-18 ചെലവ് രേഖകൾ ഹാജരാക്കിയില്ല. 71005/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി വെള്ളറട |
| പദ്ധതി നം. | വെള്ളറട സി.എച്ച്.സി-യിൽ മരുന്ന് വാങ്ങൽ S0010/20 |
| അടങ്കൽ തുക | ആകെ 10,00,000/-<br>(10,00,000/- മെയിന്റനൻസ് ഫണ്ട് - റോഡിതരം ) |
| ചെലവ് തുക | ആകെ 10,00,000/-<br>(5,00,000/- ബിൽ നം. 20/19-20,07-01-2020<br>5,00,000/- ബിൽ നം. 33/19-20,14-02-2020) |
| പ്രോജക്റ്റ് അനുമതി- തീരുമാനം നം. | 41/2019-20, 25-04-2019 |

സി എച്ച് സി വെള്ളറടയ്ക്ക് മരുന്ന് വാങ്ങുന്നതിനായി ബിൽ നം. 20 / 19-20 തീ 7-1-2020 പ്രകാരം 5 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 4,28,995/- രൂപയുടെ ബിൽ മാത്രമാണ് പരിശോധനയ്ക്കായി സമർപ്പിച്ചിട്ടുള്ളത്. 71005/-രൂപയുടെ ചെലവ് രേഖകൾ ലഭ്യമാക്കിയില്ല . മരുന്നുകൾ വാങ്ങിയതിന്റെ ബില്ലും ആയവയുടെ സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്കായി ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം 16 വഴി ആവശ്യപ്പെട്ടിരുന്നെങ്കിലും ആയവ ഹാജരാക്കിയിട്ടില്ല. ചെലവുതുക സംബന്ധിച്ച വിശദാംശങ്ങൾ ഹാജരാക്കാത്ത സാഹചര്യത്തിൽ 71005/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-19 ചെലവ് രേഖകൾ ഹാജരാക്കിയില്ല. 57969/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി വെള്ളറട |
| പദ്ധതി,നം | വെള്ളറട സി.എച്ച്.സി യിൽ ദൈനം ദിന ചെലവുകൾ, S0137/20 |
| അടങ്കൽ തുക | (58069/- മെയിന്റനൻസ് ഫണ്ട് - റോഡിതരം ) |
| ചെലവ് തുക | ആകെ 57969/- |
| പ്രോജക്റ്റ് അനുമതി- തീരുമാനം നം | II(2)/29.05.2019 |

വെള്ളറട കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ദൈനംദിന ചെലവുകൾ പദ്ധതി പ്രോ നം 137 സ്പിൽ ഓവർ വഴി 57969/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ ചെലവ് രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ അടിയന്തിരമായി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 16) മറുപടി സമർപ്പിച്ചിട്ടില്ല. ചെലവു തുക സംബന്ധിച്ച വിശദാംശങ്ങൾ ഹാജരാക്കാത്ത സാഹചര്യത്തിൽ തുക 57969/- രൂ. തടസ്സപ്പെടുത്തുന്നു.

## 1-20 വർക്കേഴ്സ് വെൽഫയർ ഫണ്ടിനുവേണ്ടി ബോർഡ് ഈടാക്കുന്ന തുകയിൽ നിന്നും കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല.

1996-ലെ കേരള ബിൽഡിങ്ങ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫയർ സെസ് ആക്റ്റ് വകുപ്പ് 3-1 പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ 1% ബന്ധപ്പെട്ട പ്രവൃത്തിയുടെ ബില്ലിൽ നിന്ന് വസൂലാക്കി വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിൽ അടവാക്കേണ്ടതും വകുപ്പ് 3-3 പ്രകാരം വസൂലാക്കിയ തുകയുടെ 1% കളക്ഷൻ ചാർജ്ജിനത്തിൽ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഈടാക്കാവുന്നതുമാണ്. ഓഡിറ്റ് കാലയളവിൽ കേരള നിർമാണതൊഴിലാളി ക്ഷേമനിധി വിഹിതം പിരിച്ചയിനത്തിൽ കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ലാത്തതായി കണ്ടു. കളക്ഷൻ ചാർജ്ജിനത്തിൽ അർഹമായ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 കുളം പുനരുദ്ധാരണം- ചെളിമണ്ണ് ലേലം ചെയ്തു നല്കിയിട്ടില്ല.

ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട 10 ലക്ഷം രൂപ അടങ്കലുള്ള കക്കാട് കുളത്തിന്റെ പുനരുദ്ധാരണം പ്രോജക്ടിൽ (So 155/19) 948$m^3$ മണ്ണ് ഉള്ളതായി അളവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ ചെളിമണ്ണ് ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ചെളിമണ്ണ് കുളത്തിന്റെ കരയിൽ തന്നെയാണ് കൂട്ടിയിട്ടിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ട്.

കുളം നവീകരണം പോലെയുള്ള പ്രോജക്ടിൽ ചെളിമണ്ണിന്റെ അളവ് കണക്കാക്കേണ്ടതും അത് ലേലം വിളിച്ച് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-22 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല ചെലവ് തുകയായ 74,00,000/-രൂപ തടസ്സപ്പെടുത്തുന്നു.

സംയുക്ത പ്രോജക്ടിനായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ പഞ്ചായത്തുകൾക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.

| | |
|---|---|
| പ്രോജക്ട് നം | ക്ഷീരസമൃദ്ധി(വനിത) |
| പ്രോജക്ടിന്റെ പേര് | 14/20 |
| അടങ്കൽ തുക | 3400000 |
| ചെലവ് തുക | 3400000 |
| ബിൽ നം/ തീ- | 6/19-20 ,31.08.19 |

2.

| | |
|---|---|
| പ്രോജക്ട് നം | ക്ഷീരസമൃദ്ധി (ജനറൽ) |
| പ്രോജക്ടിന്റെ പേര് | 15/20 |
| അടങ്കൽ തുക | 4000000 |
| ചെലവ് തുക | 4000000 |
| ബിൽ നം/ തീ- | 7/19-20 ,31.08.19 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-14/21-ന് മറുപടി ലഭ്യമാക്കിയില്ല. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ 74,00,000/-രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വാർഷിക ധനകാര്യപത്രിക പ്രകാരം ഗ്രാമപഞ്ചായത്ത് വിഹിതമായി 1420188/- രൂപ വരവുണ്ടെങ്കിലും സുലേഖ പത്രിക പ്രകാരം പ്രോജക്ടുകൾക്കായി തുക വകയിരുത്തിയിട്ടില്ല.

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിക്ഷേപ പ്രവൃത്തികൾക്ക് 2019-20സാമ്പത്തിക വർഷം നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നൽകിയ തുക | ചെലവഴിച്ച തുക | തിരികെ ലഭിച്ച തുക | ചെലവഴിക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പൂവത്തൂർ കരിപ്പുക്കാല പള്ളിനട വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ | 283256 | 0 | 0 | 283256 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

### 4-4 വായ്പ/വായ്പ തിരിച്ചടവ്

2019-20 സാമ്പത്തിക വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശം | ഉത്തരവ് നം/തീയതി | വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ വായ്പ | സ.ഉ.(എം.എസ്) നം. 162/13 തസ്വഭവ തീയതി 26. | 27791575 | 2732060 | 2732060 | | 0 |

വാർഷിക ധനകാര്യപത്രിക ടയൽ ബാലൻസിൽ മുൻബാക്കി 665029/-രൂപയും, Transaction For The Period Debit-ലും, Credit-ലും തുക രേഖപ്പെടുത്തിയിരിക്കുന്നു. (6866122 Debit, 6201093 Credit). ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

### 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല.

### 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 133975524 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 77253356 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7860634 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല. | | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-7 | 116744 | ശ്രീ.സുരേഷ് കുമാർ, സെക്രട്ടറി |
| 1-12 | 14916 | ഡോ.ശിവകുമാർ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, പെരുങ്കടവിള |
| 1-15 | 200000 | ഡോ.സുനിൽ,മെഡിക്കൽ ഓഫീസർ,സിഎച്ച്.സി,വെള്ളറട |
| 1-18 | 71005 | ഡോ.സുനിൽ, മെഡിക്കൽ ഓഫീസർ,സിഎച്ച്.സി,വെള്ളറട |
| 1-19 | 57969 | ഡോ.സുനിൽ, മെഡിക്കൽ ഓഫീസർ,സിഎച്ച്.സി,വെള്ളറട |
| 1-22 | 7400000 | ശ്രീമതി.ഗൗരി.പി, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സുരേഷ്കുമാർ,സെക്രട്ടറി | സെക്രട്ടറി, പെരുങ്കടവിള | പുളിവാതിൽക്കൽ വീട്, അരുവിപ്പുറം |
| ഡോ.ശിവകുമാർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, പെരുങ്കടവിള | SRA 52, Court Road, കുന്നിൻപുറം, നെയ്യാറ്റിൻകര |
| ഡോ.സുനിൽ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, വെള്ളറട | ഒലിവ് ലീവ്സ്, ഉദിയൻകുളങ്ങര, അമരവിള പി.ഒ |
| ശ്രീമതി.ഗൗരി.പി | ഡി.ഇ.ഒ, പെരുങ്കടവിള | East 9, ശാസ്ത്രി നഗർ, കരമന, തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ബി.പി.735/2018 തീയതി 13.07.2018 | 3 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം.ബി.പി.736/2018 തീയതി 13.07.2018 | 3 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ബി.പി.740/2018 തീയതി 13.07.2018 | 9 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ബി.പി.741/2018 തീയതി 13.07.2018 | 2 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ബി.പി.742/2018 തീയതി 13.07.2018 | 2 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ബി.പി./181/2017 തീയതി 3.2.2017 | 13 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ബി.പി./2033/2017 തീയതി 08.11.2017 | 10 | |
| 2017-18 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി/30/2019 തീയതി 04.02.19 | 20 | |
| 2018-19 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി/69/2019 തീയതി 27/04/2020 | 20 | |

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്